ആ 'കുരിശുയുദ്ധ'ത്തിന്റെ പിന്നിൽ

[ഇ. കെ. നായനാർ]

കേരളനിയമസഭ വിദ്യാഭ്യാസബില്ലിൽ അംഗീകരിച്ചിട്ട് ആഴ്ചകൾ പലതായി. ബില്ലിനെതിരായി സംഘടിപ്പിക്കപ്പെട്ടിരുന്ന പ്രക്ഷോഭം ഒന്നു കെട്ടടങ്ങിയമട്ടുണ്ട്. എങ്കിലും അതു കത്തിപ്പാളിക്കൊണ്ടു നടക്കാനുള്ള തല്പരകക്ഷികളുടെ ശ്രമം ഇനിയും നിലച്ചിട്ടില്ല. തങ്ങൾക്കിഷ്ടപ്പെടാത്തതോ, തങ്ങളുടെ ദൃഷ്ടിയിൽ ശരിയല്ലാത്തതോ ആയ നിയമങ്ങൾക്കെതിരായി പ്രക്ഷോഭം നടത്താനുള്ള അവരുടെ അവകാശത്തെ നമുക്കു മാനിക്കുക. അതേ അവസരത്തിൽത്തന്നെ, നമ്മുടെ നാടിന്റെയും ഭാവിതലമുറയുടെയും പുരോഗതിയിൽ ആത്മാർത്ഥമായ സംഭാവന നൽകിക്കൊണ്ടിരിക്കുന്ന ആയിരക്കണക്കിൽ അദ്ധ്യാപകരുടെ ജീവിതസൗകര്യങ്ങളെ ഉറപ്പുനൽകുന്നതും, നാട്ടിലെ ജനപ്രതിനിധിസഭ അംഗീകരിച്ചതുമായ ഒരു ബില്ലിനെതിരായി ഇനിയും ബഹളം കൂട്ടുവാനുള്ള അവരുടെ ശ്രമത്തിന്റെ പിന്നിലുള്ള പ്രേരകശക്തി എന്താണെന്ന് പരിശോധിക്കേണ്ടതുണ്ട്.

കമ്മ്യൂണിസത്തിൽ നിന്നു വിദ്യാലയങ്ങളെ രക്ഷിക്കണമെങ്കിൽ വിദ്യാഭ്യാസബില്ലിനെതിരായി പോരാടണമെന്നാണല്ലോ കത്തോലിക്കാമെത്രാന്മാർ ആഹ്വാനം നൽകിയിട്ടുള്ളത്. വിദ്യാഭ്യാസബില്ലിന്റെ ഉദ്ദേശം സ്കൂളുകളിൽ നിരീശ്വരത്വം പ്രചരിപ്പിക്കുക എന്നാണെന്നു സ്വയം പറഞ്ഞുണ്ടാക്കിക്കൊണ്ട്, അതിൽനിന്ന് വിദ്യാലയങ്ങളെയും കുഞ്ഞുങ്ങളെയും രക്ഷിക്കാൻ ദൈവത്തോട് അപേക്ഷിക്കുന്ന ഒരു പ്രാർത്ഥന തൃശൂർ ബിഷപ്പ് തയ്യാറാക്കി വിതരണം ചെയ്തിരുന്നു. വിദ്യാഭ്യാസബില്ലിന്റെ [illegible] ഹസ്തങ്ങളിൽ നിന്നു രക്ഷിക്കുവാനുള്ള ശ്രമത്തിന്റെ ഒരു ഉദാഹരണമായിട്ട് കുട്ടികൾക്കുവേണ്ടി തയ്യാറാക്കിയ ആ പ്രാർത്ഥന നോക്കുക:

"സ്നേഹമുള്ള നല്ല ഈശോ, കേരളത്തിലുള്ള ബാലികാബാലന്മാരായ ഞങ്ങളെല്ലാവരും അങ്ങേ പക്കൽ ഓടി അണയുന്നു!......നിരീശ്വരകമ്മ്യൂണിസം എന്ന ഭീകരനായ ശത്രു ഞങ്ങളെയും, ഞങ്ങളുടെ വിദ്യാലയങ്ങളെയും വിഴുങ്ങുന്നതിനുവേണ്ടി ഇന്നിതാ ആഞ്ഞടുക്കുന്നു!.... അങ്ങു തിരുമനസ്സാകുന്നവെങ്കിൽ രക്തം ചിന്തിയും മരണം കൈവരിച്ചും, അവയെ സംരക്ഷിക്കുന്നതിനുള്ള വിശ്വാസതീക്ഷ്ണതയും മനസ്സിന്റെ ധീരതയും ഞങ്ങൾക്കു തരേണമേ.......... സ്വർഗ്ഗസ്ഥരായ ദൈവദൂതന്മാരെ, വിശുദ്ധന്മാരെ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ."

ദേശീയപ്രബുദ്ധതയുടെ പ്രകടനമായ ബഹുജനപ്രസ്ഥാനത്തെ എതിർക്കുക എന്നതു തങ്ങളുടെ പാവന കർമ്മമായിട്ടാണ് കത്തോലിക്കാപൗരോഹിത്യമേധാവിത്വം കഴിഞ്ഞ കാൽനൂറ്റാണ്ടു കാലമായിട്ട് സ്വീകരിച്ചു വന്നിട്ടുള്ളത്. പറഞ്ഞാൽ [illegible] കൊല്ലം മുമ്പ് സ്പെയിനിൽ ഒരു [illegible] യുദ്ധം നടക്കുകയുണ്ടായല്ലോ. അവിടത്തെ ജനകീയമുന്നണി ഗവർമ്മെണ്ടിനെതിരായി ഹിററ്ലറുടെയും, മുസ്സോളിനിയുടെയും സഹായത്തോടുകൂടി ഫ്രാങ്കോ യുദ്ധം അഴിച്ചുവിട്ടു. ഇന്ത്യൻ നാഷനൽ കോൺഗ്രസ്സടക്കം ലോകത്തിലെ ജനാധിപത്യശക്തികൾ ആക്രമണകാരികൾക്കെതിരായി സ്പാനിഷ് ജനതയെ സഹായിച്ചു. എന്നാൽ അന്നു കേരളത്തിലെ കത്തോലിക്കാപള്ളിമേധാവികൾ ഫ്രാങ്കോവിനുവേണ്ടി പ്രാർത്ഥന സംഘടിപ്പിക്കുകയും ചെയ്തു. ആ സംഭവം ആർക്കാണ് വിസ്മരിക്കുവാൻ സാധിക്കുക. 1937-38 കാലത്ത്, തിരുവിതാംകൂറിൽ ഉത്തരവാദഭരണപ്രക്ഷോഭം നടന്ന ഘട്ടത്തിലും, ദിവാൻഭരണത്തിനെതിരായി 1946-ൽ ജനകീയ പ്രക്ഷോഭം ഉച്ചകയറിയ സന്ദർഭത്തിലും ദിവാൻ ഭരണത്തിനുവേണ്ടി പൗരോഹിത്യമേധാവികൾ കുഴൽവിളിക്കുകയാണ് ചെയ്തത്. ദേശീയസ്വാതന്ത്ര്യപ്രക്ഷോഭഘട്ടത്തിൽ, അതിന്റെ നേതാവായ മഹാത്മജിയെ അവർ അന്തിക്രിസ്തുവായി പ്രഖ്യാപിച്ചു. അന്നു രക്തം ചിന്തുവാൻ ആഹ്വാനംചെയ്തതു ബ്രിട്ടീഷ് സാമ്രാജ്യത്തിനുവേണ്ടിയായിരുന്നു. ഇങ്ങനെ ദേശീയ പുരോഗതിക്കും, സാംസ്കാരികാഭിവൃദ്ധിക്കും വേണ്ടിയുള്ള മാറ്റങ്ങൾക്കെതിരായ ഒരു നിലപാടാണിവർ അംഗീകരിച്ചിട്ടുള്ളത്. അതിന്റെ തുടർച്ചയായ ഒരു നയംതന്നെയാണ് വിദ്യാഭ്യാസപരിഷ്കാര കാര്യത്തിലും കത്തോലിക്കാ പൗരോഹിത്യം കൈക്കൊള്ളുന്നത്.

സേവനം വിസ്മരിക്കപ്പെടുന്നില്ല

കേരളത്തിന്റെ വിദ്യാഭ്യാസപരമായ വളർച്ചക്കുവേണ്ടി കത്തോലിക്കാ പുരോഹിതർ ചെയ്ത സംഭാവനകളെ വിസ്മരിക്കണമെന്നാരും പറയുന്നില്ല. ഒരുകാലത്തു ഗുരുകുല വിദ്യാഭ്യാസസമ്പ്രദായവും ഈ വിഷയത്തിൽ സംഭാവനകൾ ചെയ്തിട്ടുണ്ട്. ആ വിധത്തിലുള്ള എല്ലാ സംഭാവനകളെയും നാം കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു. എന്നാൽ പഴയസമ്പ്രദായങ്ങളും പഴയ ചട്ടവട്ടങ്ങളും അതേപടിതന്നെ ഇന്നും തുടരണമെന്നു പറഞ്ഞാൽ, രാജ്യത്തിന്റെ പുരോഗതിയിൽ താല്പര്യമുള്ള ആർക്കും അതിനോടു യോജിക്കാൻ സാധ്യമല്ല.

കേരളത്തിൽ കത്തോലിക്കാമാനേജുമെന്റുകളും, നായർ സർവ്വീസ് സൊസൈററി, എസ്സ്. എൻ. ഡി. പി. യോഗം, എന്നീ സംഘടനകളും വിദ്യാലയങ്ങൾ സ്ഥാപിച്ചുകൊണ്ടു ജനങ്ങളെ സാക്ഷരരാക്കിത്തീർക്കുന്നതിൽ കാര്യമായ പങ്കുവഹിച്ചിട്ടുണ്ട്. ഈ വസ്തുതകൾ അംഗീകരിച്ചുകൊണ്ടുതന്നെയാണ് കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ നേതൃത്വത്തിലുള്ള ഗവർമ്മെണ്ടു പുതിയ പരിതസ്ഥിതിക്കനുസരിച്ചുള്ള ഒരു പുതിയ വിദ്യാഭ്യാസബില്ല് കൊണ്ടുവന്നത്. അദ്ധ്യാപകരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതോടൊപ്പം, മതബോധനം നടത്തുവാൻ ആഗ്രഹിക്കുന്ന മാനേജർമാർക്ക് അതിനുള്ള സൗകര്യം അനുവദിക്കുകയും ചെയ്യുന്ന ഒരു ബില്ലാണിത്.

മതവിദ്യാലയങ്ങൾ നടത്തുന്നതിനെ ഈ ബില്ല് ഒരു തരത്തിലും തടസ്സപ്പെടുത്തുന്നില്ല. മതവിദ്യാലയങ്ങൾ ഒരു പ്രത്യേക മതവിശ്വാസികളുടെയോ, സമുദായത്തിലെയോ കുട്ടികളെ പഠിപ്പിക്കുന്നതിനുള്ളതാണ്. മുസ്ലീമിങ്ങൾ നടത്തുന്ന മദ്രസകളും, ക്രിസ്തീയ പള്ളികൾ നടത്തുന്ന സൺഡേ സ്കൂളുകളും മററും, ഇത്തരത്തിൽപ്പെടുന്നു. സ്വതന്ത്രമായി അത്തരം സ്കൂളുകൾ നടത്താൻ എല്ലാ സ്ഥാപനങ്ങൾക്കും അവകാശമുണ്ട്. അവ എങ്ങിനെ നടത്തണം, എന്തു പഠിപ്പിക്കണം എന്ന കാര്യങ്ങളിലൊന്നും ഗവർമ്മെണ്ടു ഇടപെടുകയുമില്ല.

പക്ഷേ പൊതു വിദ്യാലയങ്ങളിൽ എന്തു പഠിപ്പിക്കണം, അദ്ധ്യാപകരുടെ സ്ഥിതി എന്തായിരിക്കണം എന്നുള്ളതിൽ ഗവർമ്മെണ്ടിനു ഒരു പിടി വേണമെന്നേ നിയമം നിഷ്കർഷിക്കുന്നുള്ളു. കാരണം പ്രൈവററ് സ്കൂൾ അദ്ധ്യാപകനു നൽകുന്ന ശമ്പളം, ഗവർമ്മെണ്ടു ഖജനാവിൽനിന്നാണ് പോകുന്നത്. അവർക്ക പെൻഷൻ വരെ കൊടുക്കുവാൻ ഗവർമ്മെണ്ടു ഉദ്ദേശിക്കുന്നു. ഈ രാജ്യത്തിലെ എല്ലാ ജനവിഭാഗങ്ങളിൽനിന്നും പിരിക്കുന്ന നികുതിയിലൊരു ഭാഗമാണ് വിദ്യാഭ്യാസത്തിനുവേണ്ടി ചിലവഴിക്കുന്നത്. ഗവർമ്മെണ്ടു നൽകുന്ന പണത്തെ ഉപയോഗപ്പെടുത്തി ഒരു പ്രത്യേക വിഭാഗത്തിന്നു അവരുടെ മതം പ്രച

പ്രവിശ്യകളിൽ സ്വാതന്ത്ര്യമനുഭവിക്കുന്നവെന്ന വാദം, എല്ലാ സൌകര്യങ്ങളുടേയും ആവശ്യത്തിനുവേണ്ടി നിലക്കൊള്ളുന്ന ഒരു ഗവർമ്മെണ്ടിനു അനുവദിക്കുവാൻ നിവൃത്തിയില്ല. പ്രത്യേകിച്ചും ഇന്ത്യ ഒരു മതേതര സ്റ്റേറ്റാണ്. 1955–56-ലെ കണക്കനുസരിച്ച് തിരു–കൊച്ചി പ്രദേശത്തു് ഏകദേശം 42000 അദ്ധ്യാപകന്മാർക്കായി 3.8 കോടിയിലധികം ഉറുപ്പികയും, മലബാർ പ്രദേശത്തു 2[illegible]000 അദ്ധ്യാപകന്മാർക്കായി 2.5 കോടി ക.യും അതാതു ഇനത്തിൽ ഗവർമ്മെണ്ട് ചിലവഴിക്കുന്നുണ്ട്. പൊതുവിദ്യാലയങ്ങളിൽത്തന്നെ, നിലവിലുള്ള ക്ലാസ് സമയത്തിനു മുമ്പും, പിമ്പും ഒരു പ്രത്യേക വിഭാഗത്തിനു മതം പഠിപ്പിക്കണമെങ്കിൽ അങ്ങനെ പഠിപ്പിക്കാനുള്ള സ്വാതന്ത്ര്യമനുവദിക്കണമെന്ന കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതാക്കന്മാർ ഭരണം നടത്തുന്ന ഡിസ്ട്രിക്ട് ബോർഡു ഇതിനു മുമ്പുതന്നെ അംഗീകരിച്ചിട്ടുണ്ട്. അപ്പോൾ എതിർപ്പിന്റെ പിന്നിൽ മററു ചില പ്രത്യേക ഉദ്ദേശങ്ങളുണ്ടെന്ന് ഇതിൽ നിന്നു മനസ്സിലാക്കാം.

പുരോഗമനപ്രസ്ഥാനങ്ങളോട് കത്തോലിക്കാ പള്ളിമേധാവികൾ എതിർമനോഭാവമാണ് എല്ലാ രാജ്യങ്ങളിലും പ്രകടിപ്പിച്ചിട്ടുള്ളത്. അവരുടെ പ്രവർത്തനങ്ങൾക്ക വിദേശങ്ങളിൽനിന്നു പ്രേരണയും പ്രോത്സാഹനവും ഉള്ളതായി പരാതികളുയർന്നിട്ട് കാലം കുറെയായി. വിദേശങ്ങളിൽനിന്നുള്ള സാമ്പത്തികസഹായമാണ് അവരുടെ പ്രവർത്തനങ്ങൾക്ക പ്രധാനാവലംബമായി നിലക്കൊള്ളുന്നത്. 1954 ഏപ്രിൽ മാസത്തിൽ മദ്ധ്യപ്രദേശ് ഗവർമ്മെണ്ട് അവിടത്തെ ക്രിസ്ത്യൻ മിഷ്യനറിമാരുടെ പ്രവർത്തനത്തെപ്പററി അന്വേഷിക്കാൻ ഡോ: ഭവാനിശങ്കർ നിയോഗിയുടെ നേതൃത്വത്തിൽ ഒരു കമ്മിററിയെ നിയമിച്ചിരുന്നു. മദ്ധ്യപ്രദേശത്തിലെ പതിനാലു ഡിസ്ട്രിക്ടുകളിൽ അന്വേഷണം നടത്തിയശേഷം ആ കമ്മിററി തയ്യാറാക്കി പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ ഇങ്ങനെ പറയുന്നു.

“സാമൂഹി പോലീസ്” സ്റ്റേഷനിൽ ഉണ്ടായി, സ്വകാരി വില്ലേജുകളിലെ ജനങ്ങൾ കൊളളയുടെ ആക്ഷേപത്തിൽ പറയുന്നതിങ്ങനെയാണ്: കത്തോലിക്കാമിഷ്യനറിമാർ മററു പ്രചാരകന്മാരോടുകൂടി വില്ലേജിൽ യോഗം ചേർന്നുകൊണ്ട് ക്രിസ്ത്യാനികൾക്ക ദ്രോഹം ചെയ്യുന്ന ഒന്നാണ് കോൺഗ്രസ്സ് ഭരണമെന്ന് പ്രസംഗിച്ചുവന്നു. ഗവർമ്മെണ്ടിനു മൽഗുസാരി നികുതി കൊടുക്കരുതെന്നും, വനങ്ങൾ കയ്യേറണമെന്നും, അവരെ തടയാൻ വരുന്ന ഉദ്യോഗസ്ഥന്മാരെ ആക്രമിക്കണമെന്നും അവർ പ്രചാരവേല ചെയ്തു. ഗവർമ്മെണ്ടിനെതിരായി നിൽക്കാത്തവരെ അവർ ഭീഷണിപ്പെടുത്തി.”

മദ്ധ്യപ്രദേശത്ത് കോൺഗ്രസ്സ് ഗവർമ്മെണ്ടിനെതിരായിട്ടാണ് പ്രവർത്തിച്ചതെങ്കിൽ കേരളത്തിൽ ഇപ്പോൾ കമ്യൂണിസ്റ്റ് ഗവർമ്മെണ്ടിനെതിരായിട്ടാണ് ഇവർ പ്രവർത്തിക്കുന്നത്. വിദേശങ്ങളുമായുള്ള അവരുടെ ബന്ധത്തെപ്പററി നിയോഗി കമ്മററി റിപ്പോർട്ടിൽ പ്രതിപാദിക്കുന്നുണ്ട്. റാഞ്ചിയിലെ ലൂതർമിഷ്യൻ തലവനായ റവ: ലാക്ര 1918-ൽ ആംസ്റ്റർഡാമിൽ വെച്ചു ചേർന്ന ചർച്ചുകളുടെ ലോകകൌൺസിൽ യോഗത്തിൽ പങ്കെടുക്കുകയുണ്ടായി. അമേരിക്കൻ സ്റ്റേററ് സിക്രട്ടറിയായ മി. ഡള്ളസ്സും ആ യോഗത്തിൽ പങ്കെടുത്തിരുന്നു. ഇവിടെ നടന്ന കൂടിയാലോചനയുടെ ഫലമായി മതപ്രചാരണത്തിനു ലാക്രക്ക അമേരിക്കയിലെ ലൂതറൻ ചർച്ചിൽനിന്നു 8000 ഡോളറും, 90,000 ക. യും ലഭിക്കുകയുണ്ടായി. ഇതിനു പുറമെ 1952ൽ 67500 ക. യും കിട്ടിയതായി റിപ്പോർട്ടിൽ പറയുന്നു. കൂടാതെ 1953ൽ ലൂതറൻവേൾഡ് ഫെഡറേഷൻ ലാക്രക്ക അന്യസംസ്ഥാനങ്ങളിലെ പ്രവർത്തനത്തിന്നായി 60,000 ക വരെയും കൊടുത്തിട്ടുണ്ട്. മാത്രമല്ല ലൂതറൻ മിഷ്യന്റെ അമേരിക്കൻബോർഡ് ഒരു കൊല്ലത്തെ പ്രവർത്തനത്തിന്നായി 90,000 ക. വരെയും നൽകി.

കത്തോലിക്കാ പള്ളിമേധാവികൾ വിദേശങ്ങളിൽനിന്നു ലഭിക്കുന്ന പണം വിദ്യാഭ്യാസത്തിന്റെ പേരിലും മററു ചില രാഷ്ട്രീയ ഉദ്ദേശങ്ങളോടുകൂടി ഇവിടെ ചിലവഴിക്കുകയാണ്. പ്രധാനമായും അവർക്ക അമേരിക്കയിൽനിന്നാണ് പണം ലഭിക്കുന്നത്. ഇന്ത്യാഗവർമ്മെണ്ടിന്റെ റിസർവ്വ് ബാങ്ക് തയ്യാറാക്കിയ കണക്കുപ്രകാരം 1950–’54 ൽ വരെയുള്ള കാലത്തു ഇന്ത്യയിലെ കത്തോലിക്കാപള്ളിമേധാവികൾക്ക 29.21 കോടി ക. വിദേശത്തുനിന്നു സഹായമായി ലഭിച്ചിട്ടുണ്ട്. ഇതിൽ 20, 68, 63000 ക. യും ലഭിച്ചത് അമേരിക്കയിൽനിന്നാണ്. ഈ പണം കൊണ്ടാണ് ബിഷപ്പുമാരും, പള്ളിമേധാവികളും പ്രചാരണവും പ്രവർത്തനവും നടത്തുന്നത്. ഇതിന്റെ ഒരു ഭാഗം കേരളത്തിലെ പുരോഹിതമേധാവികൾക്കും ലഭിച്ചിട്ടുണ്ട്. ഇല്ലെങ്കിൽ കേരളത്തിലെ കത്തോലിക്കാപള്ളിമേധാവികൾ സത്യത്തെ മുൻനിർത്തി നിഷേധിക്കട്ടെ?

അവരുടെ ബന്ധം

കേരളത്തിലെ വിദ്യാഭ്യാസബില്ലിന്റെ കാര്യത്തിൽ ഇവിടത്തെ ജനങ്ങളേക്കാളധികം, ഇന്ത്യാഗവർമ്മെണ്ടിനേക്കാളധികം— അമേരിക്കൻ സാമ്രാജ്യവാദികൾക്കാണ് ഉൽക്കണ്ഠ ഉണ്ടായിട്ടുള്ളത്. മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ തിരുമേനിയുടെ പ്രസ്താവനയിൽനിന്നു ഇതു വ്യക്തമാകുന്നു. അദ്ദേഹം അഖിലലോകസഭാ കൌൺസിൽ യോഗത്തിൽ സംബന്ധിക്കുന്നതിന്നായി വിദേശങ്ങളിൽ പോയിരുന്നു. അമേരിക്കയിലും മററും രണ്ടു മാസം പര്യടനം നടത്തിയശേഷം കേരളത്തിൽ തിരിച്ചെത്തിയ അദ്ദേഹം പുറപ്പെടുവിച്ച പ്രസ്താവന നോക്കുക:

“രണ്ടു മാസക്കാലം ഞാൻ വിദേശത്തായിരുന്ന സമയം നാട്ടിലെ വർത്തമാനങ്ങൾ അധികം അറിയാറില്ലായിരുന്നു. ‘ന്യൂയോർക്ക ടൈംസ്’ മുതലായ പത്രങ്ങളിൽ കേരളത്തിലെ വിദ്യാഭ്യാസബില്ലിന് എതിരായുള്ള പ്രക്ഷോഭണത്തെപ്പററി വളരെ പ്രമുഖമായ റിപ്പോർട്ടുകൾ കണ്ടിട്ടുണ്ട്. വിദ്യാഭ്യാസമണ്ഡലത്തെ കൈവശമാക്കി കമ്യൂണിസ്റ്റുകാർ സാധിച്ചിട്ടുള്ളതും, സാധിക്കുവാൻ ആഗ്രഹിക്കുന്നതുമായ സംഗതികളെപ്പററി നല്ല പരിചയമുള്ള വിദേശീയരിൽ ചിലർ, “എന്താ, കേരള കമ്യൂണിസ്റ്റ് ഗവർമ്മെണ്ട് വിദ്യാഭ്യാസമേഖലയിൽകൂടെ തങ്ങളുടെ പ്രവർത്തനത്തിനുള്ള വഴി ഒരുക്കുകയാണോ?” എന്ന് എന്നോടു ചോദിച്ചിട്ടുണ്ട്”. (മലയാള മനോരമ, ആഗസ്റ്റ് 25.)

അമേരിക്കയിൽനിന്നുള്ള ചോദ്യവും, കേരളത്തിലെ ബില്ലിനെതിരായ പ്രക്ഷോഭണവും, തമ്മിലുള്ള ബന്ധമെന്താണെന്നതിന്, തിരുമേനിയുടെ പ്രസ്താവനതന്നെ ഉത്തരം നൽകുന്നുണ്ട്. കത്തോലിക്കാ പുരോഹിതമേധാവികളുടെ നേതൃത്വത്തിൽ കവലകളും മററു ആയുധങ്ങളുമായി “ക്രുസ്സേഡർമാർ” നടത്തുന്ന വിക്രിയകൾക്ക്, വെളിയിലുള്ള ചില ശക്തികളുമായി ബന്ധമുണ്ട് എന്ന ആരോപണത്തെ ഇതു ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ഒരു ഗവർമ്മെണ്ട്, ഭരണഘടനാനുസൃതമായ നിലയിൽ നിർമ്മിക്കുന്ന ഒരു നിയമത്തിനെതിരായി, സായുധ പ്രക്ഷോഭം നടത്താൻ കരുതുന്നതു് ഗൌരവപൂർവ്വം വീക്ഷിക്കപ്പെടേണ്ട ഒരു കാര്യമാണ്. വാസ്തവത്തിൽ ഈ കേരളഗവർമ്മെണ്ടിനെതിരായി മാത്രമുള്ള ഒരു “പ്രക്ഷോഭ”മല്ലെന്ന് ഇവരുടെ ബന്ധങ്ങളും സംരംഭങ്ങളും ഒന്നിച്ചുവെച്ചുനോക്കുമ്പോൾ വ്യക്തമാകും. വിദ്യാഭ്യാസ പരിഷ്കാരങ്ങളെപ്പോലെയുള്ള ജനാധിപത്യപരിഷ്കാരങ്ങൾ നടപ്പിൽ വരുത്താൻ പ്രതിജ്ഞാബദ്ധമായിട്ടുള്ള ഇതരപക്ഷ ഗവർമ്മെണ്ട് അധികാരത്തിൽ വരാനും ഭരണംനടത്താനും അനുവദിച്ചുകൂടാ ഗവർമ്മെണ്ടിനെതിരായിട്ടുകൂടിയാണ് അവരി പ്രക്ഷോഭം നടത്തുന്നത്. ഫാദർ ഫറോസ് എന്ന പുരോഹിതൻ, ആഗസ്റ്റ് 11-ാം തിയതി ഡാർജിലിങ്ങിലെ ഒരു പള്ളിയിൽവെച്ചു ചെയ്ത പ്രസംഗം നോക്കുക:

“കേരളത്തിലെ കമ്യൂണിസ്റ്റ് മന്ത്രിസഭ അവിടുത്തെ ക്രിസ്ത്യാനികളെ അടിച്ചമർത്തുകയാണ്. [illegible]ക്കപ്പെട്ട കമ്യൂണിസ്റ്റ് മന്ത്രിസഭക്ക നെഹ്റു സഹായം നൽകുകയു

(ശേഷം 27-ാം പേജിൽ)